# 54

# നേതൃത്വത്തോട് അവന്റെ മുന്നറിയിപ്പ്

## (23:1-12)

മത്തായി 23 മുതൽ 25 വരെയുള്ള അടുത്ത മൂന്നു അദ്ധ്യായങ്ങളിൽ, അഞ്ചാമത്തെ ഉപദേശ ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. സുവിശേഷത്തിലെ ഈ പ്രധാന ഭാഗം അവസാനിപ്പിക്കുന്നത്, “ഈ വചനങ്ങൾ ഒക്കെയും പറഞ്ഞു തീർന്നശേഷം” എന്ന പ്രത്യേക വാക്കുകളോടെയാണ് (26:1; 7:28; 11:1; 13:53; 19:1). രേഖപ്പെടുത്തിയ കർത്താവിന്റെ അവസാനത്തെ പരസ്യപ്രസംഗവും (അദ്ധ്യാ. 23) ശിഷ്യന്മാരോടുള്ള രഹസ്യപ്രസംഗവും അതിൽ ഉൾപ്പെട്ടിരിക്കുന്നു (അദ്ധ്യാ. 24; 25). ന്യായവിധിയും യെരുശലേം നാശവും യോജിപ്പിച്ചുള്ളതായിരുന്നു ആ രണ്ടു പ്രസംഗങ്ങളും.

അദ്ധ്യായം 22 ഇങ്ങനെ ചുരുക്കി പറഞ്ഞ് അവസാനിപ്പിക്കുന്നു, “അവനോട് ഉത്തരം പറവാൻ ആർക്കും കഴിഞ്ഞില്ല, അന്നുമുതൽ ആരും അവനോട് ഒന്നും ചോദിപ്പാൻ തുനിഞ്ഞതുമില്ല” (22:46). ആ പ്രസ്താവന യെഹൂദ മതാദ്ധ്യക്ഷന്മാരെ കുറിച്ചുള്ളതായിരുന്നു. അവർ പിന്നെ യേശുവിനോട് ഒന്നും പറയാതിരുന്നതുകൊണ്ട്, അവൻ പുരുഷാരത്തോടും ശിഷ്യന്മാരോടും സംസാരിച്ചു (23:1). അനേക വിഷയങ്ങളെ കുറിച്ച് അവനു സംസാരിക്കുവാൻ കഴിയുമായിരുന്നു; എന്നാൽ അപ്പോൾ സംഭവിച്ചതു നിമിത്തം, അവൻ അദ്ധ്യക്ഷന്മാരുടെയും, പരീശന്മാരുടേയും, ശാസ്ത്രിമാരുടേയും സ്വഭാവത്തെയും ഉപദേശത്തെയും കുറിച്ച് പഠിപ്പിച്ചു. പരീശന്മാരുടെ ബന്ധനങ്ങളിൽ നിന്നു തന്റെ സദസ്യരെ മുക്തരാക്കുന്നതിനുള്ള വെല്ലുവിളി നൽകുന്നതിനായിരുന്നു അവരെ അവൻ തുറന്നു കാണിച്ചത് എന്നാണ് ആർ. ടി.ഫ്രാൻസ് നിരീക്ഷിച്ചത്.[1]

യേശുവിന്റെ സന്ദേശത്തെ മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്ന്, അവർ മോശെയുടെ ഉപദേശം പഠിപ്പിക്കുന്നേടത്തോളം, പരീശന്മാരേയും ശാസ്ത്രിമാരേയും കേൾക്കുവാനായിരുന്നു അവൻ ജനത്തോട് അപേക്ഷിച്ചത് (23:1–12); എന്നാൽ ആ അദ്ധ്യക്ഷന്മാരുടെ സ്വഭാവവും പെരുമാറ്റവും അനുകരിക്കരുതെന്ന് അവൻ മുന്നറിയിച്ചിരുന്നു. അവർ പഠിപ്പിക്കുന്നത് പരിശീലിക്കാതിരുന്നതിനാൽ അവർ കപടഭക്തിക്കാരായിരുന്നു. അത് സത്യമാണെന്ന് യേശു വിശദമാക്കി കൊടുക്കയും ചെയ്തു. രണ്ട്, അവരുടെ കാപട്യ സ്വഭാവത്തിനു ഏഴ് പ്രാവശ്യം അയ്യോ കഷ്ടം എന്നു പറഞ്ഞിരുന്നു (23:13–36). മൂന്ന്, അവർ തന്നെ തള്ളിക്കളഞ്ഞതുകൊണ്ടും വരുവാനിരിക്കുന്ന നാശത്തെ മുൻ കണ്ടതുകൊണ്ടും, യേശു യെരുശലേമിനെ നോക്കി കരഞ്ഞു (23:37–39). ഏ. ഡി. 70–ൽ റോമാക്കാർ പട്ടണത്തെ നശിപ്പിക്കുമായിരുന്നു.

## അനുസരിക്കുവാൻ കൂട്ടാക്കാതിരുന്നത് മറ്റുള്ളവരുടെ അനുസരണത്തിനു കാരണമായി
## (23:1-4)

**[1]അനന്തരം യേശു പുരുഷാരത്തോടും [2]തന്റെ ശിഷ്യന്മാരോടും പറഞ്ഞ
ത്, "ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിൽ ഇരിക്കുന്നു.
[3]ആകയാൽ അവർ നിങ്ങളോട് പറയുന്നത് ഒക്കെയും പ്രമാണിച്ചു ചെയ്വിൻ;
അവരുടെ പ്രവൃത്തികൾ പോലെ ചെയ്യരുത് താനും. അവർ പറയുന്നത
ല്ലാതെ ചെയ്യുന്നില്ലല്ലോ. [4]അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ
തോളിൽ വെക്കുന്നു. ഒരു വിരൽകൊണ്ടു പോലും അവയെ തൊടുവാൻ
അവർക്ക് മനസില്ല."**

**വാക്യം 1. യേശു** ഈ പ്രസംഗം ദൈവാലയത്തിൽ വെച്ച് **പുരുഷാരത്തോടും തന്റെ ശിഷ്യന്മാരോടുമായിരുന്നു** നടത്തിയത്. അത് അപ്പോഴും കഷ്ടാനുഭവാഴ്ച്ചയിലെ ചൊവ്വാഴ്ച്ചയായിരുന്നു. പരീശന്റെ വീട്ടിൽ വിരുന്നിനു യേശുവിനെ ക്ഷണിച്ചതുമായുള്ള ബന്ധത്തിൽ ആയിരുന്നു ലൂക്കൊസ് ഈ സംഭവത്തെ രേഖപ്പെടുത്തിയിരിക്കുന്നത് (ലൂക്കൊ. 11:37–52). തന്നെ ശ്രദ്ധിക്കുവാൻ കൂടി വന്ന ആളുകളുടെ ആവശ്യമനുസരിച്ച് അൽപ വ്യത്യാസം വരുത്തി യേശു പ്രസംഗത്തെ അവതരിപ്പിച്ചിട്ടുണ്ട്.

**വാക്യം 2.** വരുവാനുള്ള ദൈവരാജ്യത്തിൽ ആളുകൾ മാനസാന്തരപ്പെട്ട് പ്രവേശിക്കുന്നതിന് ജനത്തെ നയിക്കേണ്ടിയിരുന്ന അദ്ധ്യക്ഷന്മാരുടെ കാപട്യമാണ് യേശു തുറന്നു കാണിച്ചത്. ആ പുരുഷന്മാർ ദൈവത്തിന്റെ പ്രവാചകനെ തള്ളിക്കളഞ്ഞിരുന്നു (യോഹന്നാൻ സ്നാപകനെ), അവന്റെ മശിഹയെയും (യേശു) തള്ളിക്കളഞ്ഞിരുന്നു. തൽഫലമായി, അവരുടെ നിഷേധ സ്വാധീനത്താൽ, അനേകർ ദൈവേഷ്ടത്തെ തള്ളിക്കളഞ്ഞു.

**ശാസ്ത്രിമാർ** ആരംഭത്തിൽ നിയമപരമായ രേഖകൾ തയ്യാറാക്കുന്നവരെ നിയന്ത്രിക്കുന്നവരായിരുന്നു (1 ദിന. 24:6). പ്രവാസകാലത്തിനു മുൻപ് ആ വാക്കിന് മതപര്യവേഷം ഇല്ലായിരുന്നു. എങ്ങനെയായാലും, പ്രവാസകാലത്തിൽ ശാസ്ത്രിമാർ ഒരു പ്രത്യേക കൂട്ടമായി എഴുന്നേറ്റു. ഇവർ ന്യായപ്രമാണം വ്യാഖ്യാനിക്കുന്നതിനും ഉപദേശിക്കുന്നതിനും ഉറ്റിരുന്നു. അത്തരം ഒരാളായിരുന്നു എസ്രാ (എസ്രാ. 7:6, 11, 12; നെഹെ. 8:1, 4, 9, 13; 12:26, 36). അവർ ന്യായപ്രമാണം കൈകൊണ്ട് പകർത്തി എഴുതുവാൻ ധാരാളം സമയം ചെലവിട്ടതുകൊണ്ട്, അവർക്ക് ന്യായപ്രമാണം സംബന്ധിച്ച് അറിവു ലഭിച്ചിരുന്നു (2:4 ന്റെ പരാമർശം നോക്കുക).

**പരീശന്മാരുടെ** ആവിർഭാവം എപ്പോഴായിരുന്നു എന്ന് കൃത്യമായി അറിയില്ല, എന്നാൽ ആന്റിയോക്കസ് എപിഫാനസിന്റെ സമയത്തായിരുന്നു എന്നു തോന്നുന്നു ആ കൂട്ടർ എഴുന്നേറ്റത്, ഹീനകൃത്യങ്ങൾ ചെയ്തിരുന്ന സിറിയൻ രാജാവ് ബി. സി. രണ്ടാം നൂറ്റാണ്ടിൽ യെഹൂദ മതത്തെ തുടച്ചു നീക്കുവാൻ ശ്രമിച്ചപ്പോഴായിരുന്നു എന്നു കരുതാം. അവൻ യെഹൂദന്മാരെ, പ്രത്യേകിച്ച് യെരുശലേമിനെ ഗ്രീക്ക് സംസ്ക്കാരത്തിലേക്കു കൊണ്ടുപോകുവാൻ ശ്രമിച്ചു.[2] എന്നാൽ മക്കാബിയൻ വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ, ആന്റിയോക്കസിന്റെ സൈന്യത്തെ ക്രമേണ അവിടെനിന്നും ഓടിച്ചു. "ദ ഹാമർ" എന്നറിയപ്പെട്ടിരുന്ന ജൂഡാസ് മക്കാബിയസിന്റെ നേതൃത്വത്തിൽ,

("മക്കാബിയൻസ്" അർത്ഥം "ഹാമർ")[3] യെരുശലേം വീണ്ടെടുക്കയും ദൈവാലയം ശുദ്ധീകരിക്കയും ചെയ്തു. ആ സംഭവങ്ങൾ നടന്നപ്പോൾ, പരീശന്മാർ മറ്റു യെഹൂദന്മാരിൽനിന്നു വേർപെട്ടു. അവർ ന്യായപ്രമാണം വിശദമായി പിൻപറ്റുവാൻ തീരുമാനിച്ചിരുന്നു എങ്കിലും, അവർ ഒരിക്കലും വലിയ സംഘമായില്ല. എങ്ങനെയായാലും, സമയമായപ്പോൾ, അവർ ജനത്തിനിടയിൽ സ്വാധീനമുള്ളവരായി തീർന്നു (3:7 ന്റെ പരാമർശം നോക്കുക).

മിക്ക ശാസ്ത്രിമാരും പരീശന്മാരാകയാൽ, അവരെ പരീശന്മാരിൽനിന്നു വേർതിരിച്ചറിയുക പ്രയാസമാണ്. ഈ സന്ദർഭത്തിൽ പറയുന്നതുപോലെ, യേശു പലപ്പോഴും അവരെ ഒരുമിച്ചാണ് പറഞ്ഞിരിക്കുന്നത് (5:20; 12:38; 15:1). അദ്ധ്യായം 23 ലെ പല മുന്നറിയിപ്പുകളിലും നൽകിയിരിക്കുന്നതുകൊണ്ട്, ശ്രാസ്ത്രിമാരും പരീശന്മാരും അവരുടെ ദുഷ്ടതക്ക് മാറ്റം വരുത്തിയിരുന്നില്ല എന്നു കാണാം. എങ്ങനെയായാലും, അവരിൽ ചിലർ തങ്ങളുടെ ഹൃദയം യേശുവിനോടും അവന്റെ സന്ദേശത്തോടും തുറന്നിരുന്നു (മർ. 12:32–34; ലൂക്കൊ. 7:36; 13:31; യോഹ. 3:1, 2; പ്രവൃ. 15:5). എന്നിരുന്നാലും, അവരിൽ ഭൂരിഭാഗം പേരും ധിക്കാരവും, കാപട്യവുമുള്ളവരും, നിയമത്തെ മുറുകെ പിടിക്കുന്നവരുമാണെന്ന് യേശു വെളിപ്പെടുത്തിയിരിക്കുന്നു.

പരീശന്മാർക്കിടയിലുണ്ടായിരുന്ന കാപട്യത്തെ പിന്നീട് റബ്ബിമാരുടെ എഴുത്തുകളിലും പറഞ്ഞിട്ടുണ്ട്. യെരുശലേം താൽമൂദ് പരീശന്മാരെ ഏഴായി തരം തിരിച്ചിരിക്കുന്നു:

1. "ചുമലിലേന്തി-പരീശൻ" താൻ ചെയ്ത മതപരമായ പ്രവൃത്തി കൾ [എല്ലാവരും കാണേണ്ടതിന്] ചുമലിൽ കൊണ്ടു നടക്കും.
2. "അൽപം-കാത്തിരിക്കുന്ന-പരീശൻ" - "ഒരു മിനിറ്റ്-നിൽക്കണെ ഞാൻ പോയി മതപരമായ പ്രവൃത്തി ചെയ്യട്ടെ."
3. "പുസ്തകം-സൂക്ഷിക്കുന്ന പരീശൻ" - അവൻ തനിക്ക് ബാധ്യതയുള്ള ഒരു കാര്യം ചെയ്യും, മതപരമായ കടമയായി മറ്റൊരു പ്രവൃത്തി ചെയ്യും ബാലൻസ് ആകുവാൻ പിന്നെ ഒന്നിനെതിരായി മറ്റൊന്നു ചെയ്യും.
4. "ലുബ്ധനായ പരീശൻ" - "എനിക്ക് രക്ഷപ്പെടാമെന്ന് ആർക്ക് കാണിച്ചു തരുവാൻ കഴിയും, എന്നാൽ ഞാൻ മതപരമായ പ്രവൃത്തി ചെയ്യും."
5. "ഞാൻ-ചെയ്ത തെറ്റ്-കാണിച്ചുതരിക-എന്ന പരീശൻ" - "ഞാൻ എന്തു പാപമാണ് ചെയ്തത് എന്നു കാണിച്ചു തരിക, എന്നാൽ അതിനു സമമായ മതപരമായ കടമ ചെയ്യാം."
6. "ഭയ-മുള്ള-പരീശൻ" അതായത്, ദൈവ-ഭയമുള്ളവൻ.
7. "സ്നേഹ-മുള്ള-പരീശൻ," അതായത്, ദൈവ-സ്നേഹമുള്ളവൻ.[4]

ശാസ്ത്രിമാരും പരീശന്മാരും **മോശെയുടെ പീഠത്തിൽ** [*കതേഡ്രാ*] ആയിരുന്നു **ഇരുന്നത്**. യെഹൂദ റബ്ബിമാർ ഇരുന്നാണ് പഠിപ്പിച്ചിരുന്നത് (5:1; 13:2; 24:3; 26:55; ലൂക്കൊ. 4:20). "മോശെയുടെ പീഠം" എന്ന പേരിലുള്ള ഒരു ഇരിപ്പിടം വാസ്തവത്തിൽ ചില പള്ളികളിൽ ഉണ്ടായിരുന്നു. അത്തരം ഇരിപ്പിടങ്ങൾ മാർബിളിലോ, കല്ലിലോ പണിതിരുന്നതായി പല സ്ഥലങ്ങളിലും കാണാമായിരുന്നു: ഗ്രീക്ക് ദ്വീപായിരുന്ന ഡെലോസിലും, സിറിയയിലെ ഡുറാ യൂറോപാ

സിലും, തിബര്യാസിലെ ഹാമെറ്റിലും, ഖോരാസിനിലും, യിസ്രായേലിലെ എൻ ഗെഡിയിലും.[5] അധികാരസ്ഥാനമുള്ള ബഹുമാനിതനായ റബ്ബി, മോശെയുടെ പീഠത്തിൽ ഇരുന്നാണ് സഭയെ ഉപദേശിച്ചിരുന്നത്. പഴയനിയമത്തിൽ അത്തരം നിയമനത്തെ കുറിച്ച് ഒന്നും പറയുന്നില്ല. അത് യഹൂദന്മാർ സ്വയം സൃഷ്ടിച്ച സ്ഥാനമായിരുന്നു. എങ്ങനെയായാലും, ദൈവവചനത്തോടു ബന്ധപ്പെട്ടിരുന്ന ഏതൊരു ഉപദേശത്തെയും യേശു ബഹുമാനിക്കയും അംഗീകരിക്കയും ചെയ്തിരുന്നു.

**വാക്യം 3**. ശാസ്ത്രിമാരും പരീശന്മാരും പറയുന്നത് കേട്ട് **പ്രമാണിക്കുവാനായിരുന്നു** യേശു പുരുഷാരത്തോടും തന്റെ ശിഷ്യന്മാരോടും പറഞ്ഞത്, എന്നാൽ അവരുടെ **പ്രവൃത്തികൾ പോലെ ചെയ്യരുത്** എന്നു മുന്നറിയിച്ചിരുന്നു. പലപ്പോഴും യേശു പരീശന്മാരുടെ ഉപദേശത്തെ ഖണ്ഡിച്ചിരുന്നു (5:17–48; 12:1–8; 15:1–20; 16:5–12; 19:1–12). അതുകൊണ്ട്, അവർ പറയുന്നത് പ്രമാണിപ്പിൻ എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, മോശെയുടെ പ്രമാണ പ്രകാരം അവർ പറയുന്നതെല്ലാം അനുസരിക്കണം എന്നാണ്.

"കപടഭക്തിക്കാരൻ" എന്നതിന്റെ ഏറ്റവും നല്ല നിർവ്വചനം യേശു പറഞ്ഞപ്പോൾ നൽകിയിരിക്കുന്നു, "**അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ.**" എൻഐവിയിൽ "അവർ പ്രസംഗിക്കുന്നത് പരിശീലിക്കുന്നില്ല" എന്നാണ്. അതേ വിഷയം മനസിൽ വെച്ച്, പൗലൊസ് എഴുതി,

> നീയോ "യെഹൂദൻ" എന്നു പേർകൊണ്ടും ന്യായപ്രമാണത്തിൽ ആശ്രയിച്ചും, ദൈവത്തിൽ പ്രശംസിച്ചും, ന്യായപ്രമാണത്തിൽനിന്നു പഠിക്കയാൽ, അവന്റെ ഇഷ്ടം അറിഞ്ഞും, ഭേദാഭേദങ്ങൾ വിവേചിച്ചും ജ്ഞാനത്തിന്റെയും സത്യത്തിന്റെയും സ്വരൂപം ന്യായപ്രമാണത്തിൽനിന്നു നിനക്ക് ലഭിച്ചതുകൊണ്ട്, നീ കുരുടർക്ക് വഴികാട്ടുന്നവൻ, ഇരുട്ടിലുള്ളവർക്ക് വെളിച്ചം, മൂഢരെ പഠിപ്പിക്കുന്നവൻ, ശിശുക്കൾക്ക് ഉപദേഷ്ടാവ് എന്നു ഉറെച്ചുമിരിക്കുന്നുവെങ്കിൽ, – ഹേ അന്യനെ ഉപദേശിക്കുന്നവനേ, നീ നിന്നെത്തന്നെ ഉപദേശിക്കാത്തത് എന്ത്? മോഷ്ടിക്കരുത് എന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുത് എന്നു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ? വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രം കവർച്ച ചെയ്യുന്നുവോ? ന്യായപ്രമാണത്തിൽ പ്രശംസിക്കുന്ന നീ ന്യായപ്രമാണ ലംഘനത്താൽ ദൈവത്തെ അപമാനിക്കുന്നുവോ? (റോമർ 2:17–23).

**വാക്യം 4**. ശാസ്ത്രിമാരുടേയും പരീശന്മാരുടേയും കാപട്യത്തെ കുറിച്ച് യേശു പല ചിത്രീകരണങ്ങളും നൽകിയിരിക്കുന്നു. ആദ്യമായി അവൻ പറഞ്ഞു, ആദ്യമായി "**അവർ ഘനമുള്ള ചുമടുകളെ കെട്ടി[6] മനുഷ്യരുടെ തോളിൽ വെക്കുന്നു; ഒരു വിരൽകൊണ്ടുപോലും അവയെ തൊടുവാൻ അവർക്ക് മനസില്ല.**" അക്കാലത്തെ സാധാരണ ജീവിതത്തിൽനിന്നായിരുന്നു ആ ഭാവനയുടെ പശ്ചാത്തലം. ലിയോൺ മോറിസ് അതിനെ വിവരിച്ചിരിക്കുന്നു:

> അടിമകൾക്കോ മൃഗങ്ങൾക്കോ *ചുമക്കുന്നതിനാണ്*, ചുമടുകൾ കെട്ടി തയ്യാറാക്കുന്നത്; അവ കൊണ്ടുപോകുന്നതിന്, ആദ്യം അതിനെ ശേഖരിച്ച് കെട്ടി പാക്കേജാക്കിയോ അല്ലെങ്കിൽ കെട്ടുകളാക്കുകയോ ചെയ്യു

കയാണ് പതിവ്. അശ്രദ്ധമായി കെട്ടിയാൽ അത് ഭാരം വ്യത്യസ്തമായി തീരുകയും ചുമക്കുന്നത് പ്രയാസമാകുകയും ചെയ്യും.[7]

“ഘനമുള്ള ചുമട്” ന്യായപ്രമാണത്തോട് ചേർത്തിരിക്കുന്ന പല നിയമാവലികളും നിയന്ത്രണങ്ങളുമാകുന്നു. ആ വാമൊഴിയായ നിയമാവലികൾ ദൈവത്തിൽനിന്നു ലഭിച്ചതാണെന്ന് കരുതപ്പെട്ടിരുന്നു എങ്കിലും, ന്യായപ്രമാണം അനുസരിക്കുന്നതിനേക്കാൾ അതു പ്രയാസമേറിയതായിരുന്നു (പ്രവൃ. 15:10). ഉദാഹരണത്തിന്, “ശബ്ബത്ത് നാൾ, ശൂദ്ധീകരിപ്പാൻ ഓർക്ക” എന്നത് എത്ര നിസാരമായി മനസിലാക്കാവുന്ന പ്രസ്താവനയാണ് (പുറ. 20:8), എന്നാൽ അതിനെ അവർ ഭാരമുള്ളതാക്കി മാറ്റി.[8] യെഹൂദ റബ്ബിമാർ ഏഴാം-ദിവസ വിശ്രമത്തെ കുറിച്ച് വിശദീകരിക്കുന്ന ധാരാളം വാല്യങ്ങൾ തയ്യാറാക്കി. ശബ്ബത്തു ലംഘിക്കുന്നതായി യേശുവിനേയും അവന്റെ ശിഷ്യന്മാരേയും അവന്റെ വിമർശകർ കുറ്റപ്പെടുത്തിയപ്പോൾ, അവർ ദൈവത്തിന്റെ ന്യായപ്രമാണത്തെയായിരുന്നില്ല ലംഘിച്ചത് മറിച്ച് നൂറ്റാണ്ടുകളായി നിലനിന്നിരുന്ന മനുഷ്യ-നിർമ്മിതമായ സമ്പ്രദായങ്ങളായിരുന്നു (12:1–8; യോഹ. 5:5–13). നിയമത്തെ മുറുകെ പിടിക്കുന്നവർ തങ്ങൾക്ക് ഒരു വിരൽകൊണ്ടുപോലും തൊടുവാൻ മനസില്ലാത്ത കാര്യങ്ങളിലാണ് ജനത്തെ കുറ്റപ്പെടുത്തിയിരുന്നത്. എന്തു ചെയ്യണമെന്ന് അവർ നന്നായി സംസാരിക്കും, പക്ഷെ അവർ അത് ചെയ്യുകയുമില്ല.

പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും യേശു കെട്ടുന്നതിനെ കുറിച്ചും അഴിക്കുന്നതിനെ കുറിച്ചും പറഞ്ഞിരുന്നു (16:19; 18:18 ന്റെ പരാമർശം നോക്കുക). അപ്പൊസ്തലന്മാർ കെട്ടപ്പെട്ടതു പരിശുദ്ധാത്മനിയോഗത്താലായിരുന്നു എങ്കിൽ, പരീശന്മാർ മനുഷ്യ-നിർമ്മിതരായിട്ടായിരുന്നു ചെയ്തത്. യെഹൂദ മതാദ്ധ്യക്ഷന്മാരിൽനിന്നു വളരെ വ്യത്യാസ്തമായിട്ടായിരുന്നു യേശു പ്രവർത്തിച്ചത്. അവരുടെ ചുമടുകൾ ഭാരവും, ഘനവുമുള്ളതായിരുന്നു എങ്കിൽ, യേശു പറഞ്ഞു, “എന്റെ നുകം മൃദുവുംഎന്റെ ചുമട് ലഘുവും ആകുന്നു” (11:30).

## മറ്റുള്ളവരെ കാണിക്കേണ്ടതിന് നമ്മുടെ നീതി പ്രദർശിപ്പിക്കൽ (23:5-12)

**5“അവർ തങ്ങളുടെ പ്രവൃത്തികളെല്ലാം മനുഷ്യർ കാണേണ്ടതിന്നത്രെ**
**ചെയ്യുന്നത്. തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു.**
**6അത്താഴത്തിൽ പ്രധാനസ്ഥലവും പള്ളിയിൽ മുഖ്യാസനവും 7അങ്ങാടിയിൽ**
**വന്ദനവും മനുഷ്യർ റബ്ബി എന്നു വിളിക്കുന്നതും അവർക്ക് പ്രിയമാകുന്നു.**
**8നിങ്ങളോ റബ്ബി എന്നു പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു;**
**9നിങ്ങളോ എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവ് എന്നു**
**വിളിക്കരുത്; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗസ്ഥൻ തന്നെ. 10നി**
**ങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളു**
**ടെ നായകൻ ക്രിസ്തു തന്നെ. 11നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ**
**ശുശ്രൂഷക്കാരൻ ആകേണം. 12തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്ത**
**പ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും.”**

**വാക്യം 5**. സ്വയം-ഉയർത്തുന്ന പരീശന്മാരുടെ മൂന്ന് ഉദാഹരണങ്ങൾ യേശു, മലപ്രസംഗത്തിൽ നൽകിയിരിക്കുന്നു: നൽകൽ,പ്രാർത്ഥന, ഉപവാസം (6:1–18). ഇവിടെ അവർ **മറ്റുള്ളവരെ കാണിക്കേണ്ടതിനുള്ള അവരുടെ പ്രവൃത്തികളെയാണ്** അവൻ എടുത്തു കാണിക്കുന്നത്.

**അവർ തങ്ങളുടെ മന്ത്രപ്പട്ട വീതി** [യാക്കി] **തൊങ്ങൽ വലു** [താക്കു] **ന്നു.** “മന്ത്രപ്പട്ട” എന്നത് തിരുവെഴുത്തുകളെഴുതിയ ചെറിയ തുകൽ പെട്ടിയാണ്. അത് യെഹൂദന്മാർ നെറ്റിയിലും ഇടതുകൈയിലും കെട്ടുമായിരുന്നു. കേവ് 1 ലെ ഖുമ്റാനിൽനിന്ന് കണ്ടെടുത്തതായി, രണ്ട് രീതിയിലുള്ള മന്ത്രപ്പെട്ട അവർ ഉപയോഗിച്ചിരുന്നതായി മൈക്കിൾ ജെ. വിൽക്കിൻസ് പറഞ്ഞിരിക്കുന്നു. അതിൽ ഒന്ന്, ഒരിഞ്ചുനീളത്തിൽ, ഒരു ചെറിയ ചുരുളിൽ, നാല് ഭാഗങ്ങൾ കൊള്ളുന്ന വിധത്തിലായിരുന്നു. അവയിൽ, പുറപ്പാട് 13:9, 16; ആവർത്തനപുസ്തകം 6:8; 11:18 എന്നിവ ക്രമമായി എഴുതിയിരിക്കും. ഈ രീതിയിലുള്ള മന്ത്രപ്പട്ട നെറ്റിയിലായിരിക്കും കെട്ടുക. മറ്റൊന്നു 1/3 വലിപ്പത്തിൽ, ഒരു ഭാഗം മാത്രമാണുള്ളത്. അതിൽ ചെറിയ അക്ഷരത്തിൽ നാല് വാക്യങ്ങളും എഴുതിയ ചെറിയ ചുരുളാണ് അത്. ഈ മന്ത്രപ്പട്ട ഇടതുകയ്യിലാണ് കെട്ടുന്നത്.[9]

“മന്ത്രപ്പട്ട” എന്ന വാക്കിന്റെ (*ഫുലാക്ടെറിയോൻ*) അർത്ഥം “സുരക്ഷിതത്വം,” “മന്ത്രത്തകിട്.” ഈ രണ്ട് പെട്ടികളുമായി ബന്ധപ്പെട്ട് മറ്റു വാക്കുകൾ, *ടഫിലിൻ*, അർത്ഥം “പ്രാർത്ഥനകൾ,” *ടോടാഫോത്*, ആവർത്തനപുസ്തകം 6:8 ലും 11:18 ലും തർജിമ ചെയ്തിരിക്കുന്നത്, “പട്ടം” എന്നാണ്. ദൈവത്തിന്റെ പ്രമാണങ്ങൾ അവരുടെ നെറ്റിയിലും കൈയിലും എഴുതിയിരുന്നാൽ, ആ പ്രമാണങ്ങൾ അനുസരിക്കുന്നതിനു തുല്യമാണെന്നായിരുന്നു റബ്ബിമാരുടെ വ്യാഖ്യാനം.[10] ആളുകൾക്ക് മുൻപ് എപ്പോഴും ദൈവവചനം ഉണ്ടായിരിക്കണം എന്ന പ്രസ്താവന ആലങ്കാരികമായിരുന്നു - അതായത് അവരുടെ ഹൃദയങ്ങളിലും മനസിലും ഉണ്ടാകണം. ചില യെഹൂദന്മാർ അവരുടെ മന്ത്രപ്പട്ട വലുതാക്കി തങ്ങൾ ദൈവത്തോട് സമർപ്പിക്കപ്പെട്ടവരാണെന്നു കാണിക്കുന്നു. ഇന്നും യാഥാസ്ഥിതികരായ യെഹൂദന്മാർ അത്തരം മന്ത്രപ്പട്ട നെറ്റിയിലും കയ്യിലും കെട്ടുകയും, രാവിലെയും മറ്റു പ്രാർത്ഥനാ സമയങ്ങളിലും പ്രാർത്ഥിക്കുകയും ചെയ്യും.

ദൈവകൽപനകൾ വിശുദ്ധമായും പ്രമാണിക്കയും ചെയ്യണമെന്ന് ഓർപ്പിക്കുവാൻ ധരിക്കുന്നതായിരുന്നു “തൊങ്ങൽ” ആ “തൊങ്ങലുകൾ” അല്ലെങ്കിൽ “അഞ്ചലം” (എൻആർഎസ്വി), വസ്ത്രത്തിന്റെ അഗ്രഭാഗത്ത് തിരുവെഴുത്തുകൾ സൂക്ഷിക്കുന്നതിനായിരുന്നു അത് (സംഖ്യ. 15:38–40; ആവ. 22:12). യേശുവും അത് ധരിച്ചിരുന്നു (9:20; 14:36). കപടഭക്തിക്കാരായ പരീശന്മാർ എങ്ങനെയായാലും, ദൈവത്തിന്റെ പ്രമാണം ഓർമ്മിക്കുന്നതിനായിരുന്നില്ല അത് ധരിച്ചിരുന്നത്; പിന്നെയോ, അവർ ധരിച്ചിരുന്നത്, മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനും, തങ്ങൾ ഭക്തിയുള്ളവരാണെന്ന് മറ്റുള്ളവരെ കാണിക്കേണ്ടതിനുമായിരുന്നു. തൊങ്ങലിന്റെ നീളം കൂടുന്തോറും അവരുടെ ഭക്തിയുടെ ആഴമേറും എന്നാണ് അവർ കണക്കാക്കിയിരുന്നത്. ഇന്നത്തെ ചില മതാദ്ധ്യക്ഷന്മാരും അത്തരത്തിലുള്ള പ്രകടനങ്ങൾ നടത്തുന്നുണ്ട്.

**വാക്യം 6**. അതിനു പുറമെ, യേശു പറഞ്ഞു, “**അത്താഴത്തിൽ പ്രധാന സ്ഥലവും, പള്ളിയിൽ മുഖ്യാസനവും അവർ ആഗ്രഹിച്ചിരുന്നു.**” സാമൂഹ്യ പ്രധാന്യമനുസരിച്ച് അതിഥികൾ കുറഞ്ഞുവരുന്ന ഇരിപ്പിടങ്ങളിലാണ് അക്കാലത്ത് ഇരിക്കേണ്ടത്.[11] ഏറ്റവും ബഹുമാന്യരായവർ ഇരിക്കേണ്ടത് ആതിഥേ

യന്റെ അടുത്തായിരിക്കും. മറ്റൊരു സന്ദർഭത്തിൽ, ആദരിക്കപ്പെട്ട സ്ഥാനത്ത് ആദ്യം കയറി ഇരിക്കരുത് എന്ന് യേശു ഒരു ഉപമയാൽ ഒരിക്കൽ മുന്നറിയിച്ചിരുന്നു. ഒരാൾ ആദരണീയരായവർക്കുള്ള സ്ഥാനത്ത് പോയിരിക്കുകയും, ആദരിക്കപ്പെട്ടവർ വരുമ്പോൾ, അയാളോട് അവിടെ നിന്നു മാറി കൊടുപ്പാൻ പറയുകയും ചെയ്യുന്നത് തരം താഴ്ത്തുന്ന പ്രവൃത്തിയാണ്. ഒരാൾ ഇരിക്കുന്ന സ്ഥാനത്ത് നിന്ന് അയാളെ ആദരണിയ സ്ഥാനത്തേക്ക് ക്ഷണിച്ച് ഇരുത്തുന്നത് വലുതായി ആദരിക്കുന്ന പ്രവൃത്തിയാണ് (ലൂക്കൊ. 14:7–11). സ്വയമായി ആദരവ് എടുക്കുന്നവർ താഴ്ന്ന അവസ്ഥയിലേക്ക് തള്ളപ്പെടും, സ്വയം തങ്ങളെത്തന്നെ താഴ്ത്തുന്നവർ ഉയർത്തപ്പെടും (23:11, 12). ദൈവരാജ്യത്തിൽ ഒരാൾ യേശുവിന്റെ വലത്തും മറ്റൊരാൾ ഇടത്തും ഇരിക്കുവാൻ വരം നൽകണമേ എന്ന് യേശുവിനോട് യാക്കൊബും യോഹന്നാനും അമ്മ മുഖാന്തരം ആവശ്യപ്പെട്ടു, എന്നാൽ അവൻ അവരുടെ സ്വയ–സേവന ആവശ്യത്തെ ശാസിക്കയാണ് യേശു ചെയ്തത് (20:20–23).

പുരാതന പള്ളികളിൽ നടുവിലോ അല്ലെങ്കിൽ അറ്റത്തോ ഉയർന്ന പീഠങ്ങളുണ്ടായിരുന്നു. പ്ലാറ്റ്ഫോമിൽ (*ബേമാ*) തിരുവെഴുത്ത് വായനക്കായി ചുരുളുകൾ നിവർത്തുവാൻ ഒരു മേശയും ഇട്ടിരിക്കും (ലൂക്കൊ. 4:16, 17), മോശെയുടെ പീഠവും (23:2), "മുഖ്യാസനവും" അവിടെ ഉള്ളതായി പറഞ്ഞിരിക്കുന്ന. ആ ഇരിപ്പിടങ്ങൾ കരസ്ഥമാക്കുന്നത് ആരാധനക്കായി വരുന്നപ്രമുഖരായിരിക്കും. സാധാരണക്കാർക്കായി, പ്രത്യേകമായി കുറഞ്ഞ ഇരിപ്പിടങ്ങൾ പള്ളിയുടെ ചുമരിനു ചുറ്റുമായിരിക്കും.[12] ശ്രദ്ധ പിടിച്ചുപറ്റുന്ന രീതിയിൽ എല്ലാവരും കാണത്തക്കവിധത്തിൽ പ്രമുഖർ വന്നിരിക്കുന്നതിനെ യേശു കുറ്റപ്പെടുത്തി.

**വാക്യം 7.** ശാസ്ത്രിമാരും പരീശന്മാരും **അങ്ങാടിയിൽ വന്ദനവും, മനുഷ്യർ അവരെ റബ്ബി എന്നു വിളിക്കുന്നതും** ഇഷ്ടപ്പെട്ടിരുന്നു. ബഹുമാനം പ്രതീക്ഷിക്കുന്നതിനെ ആണ് യേശു കുറ്റപ്പെടുത്തിയത്. "അങ്ങാടിയിൽ," സമൂഹം കൂടി വന്ന സ്ഥലമായിരുന്നു, അവിടെ വെച്ച് അവരെ ആളുകൾ റബ്ബി എന്നു വിളിക്കുന്നത് മനുഷ്യരുടെ പുകഴ്ച്ചയായിരുന്നു. ആളുകൾ മതാദ്ധ്യക്ഷന്മാരെ അങ്ങനെ വിളിച്ചിരുന്നു. സാധാരണ പറയുന്ന വന്ദനത്തേക്കാൾ ഉപരിയായ ആദരവാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

"റബ്ബി" എന്ന വാക്കിന്റെ അർത്ഥം "എന്റെ കർത്താവ്" അല്ലെങ്കിൽ "എന്റെ യജമാനനേ" എന്നാണ്, അത് ന്യായപ്രമാണം പഠിപ്പിക്കുന്ന പ്രഗത്ഭനായ പണ്ഡിതനെന്ന കാഴ്ച്ചപ്പാടാണ്. യോഹന്നാൻ സ്നാപകനെയും യേശുവിനെയും ആ പേരിൽ വിളിച്ചിരുന്നു (മർ. 9:5; 11:21; യോഹ. 1:38, 49; 3:2, 26). ആ വാക്കിന്റെ ചരിത്രപരമായ പ്രാധാന്യത്തെ ജാക് പി. ലേവിസ് എടുത്തു പറഞ്ഞിരിക്കുന്നു:

*റബ്ബി* ("എന്റെ ഗുരു") എന്നത് ഒന്നാം നൂറ്റാണ്ടിൽ ബഹുമാനസൂചകമായി സ്വീകരിച്ചുവന്ന ഒരു ടൈറ്റിൽ ആയിരുന്നു. റബ്ബിമാരുടെ സമ്പ്രദായത്തിൽ, ആദ്യത്തെ റമ്പാൻ ആയിതീർന്നത് ഗമാലിയേൽ ആയിരുന്നു (റബ്ബി എന്നതിനേക്കാൾ കൂടുതൽ ആദരണിയമായ ടൈറ്റിൽ). താൽമൂദ് കാലയളവിൽ, ഒരു വിദ്യാർത്ഥി അദ്ധ്യാപകനെ റബ്ബി എന്നാണ് വിളിച്ചിരുന്നത്.[13]

**വാക്യം 8. റബ്ബി** എന്നു പേരെടുത്ത് സഹവിശ്വാസികളേക്കാൾ ഉയർത്തുവാൻ യേശു തന്റെ ശിഷ്യന്മാരെ അനുവദിച്ചില്ല. യെഹൂദ മതത്തിൽ, തന്റെ കീഴിൽ ധാരാളം ശിഷ്യന്മാരുണ്ടാകുന്ന വിധത്തിൽ, ശിഷ്യന്മാർ പലവിധത്തി

ലുള്ള നിലവാരത്തിൽകൂടെ കടന്നുപോയാലാണ് അവസാനം റബ്ബി ആകുന്നത്.[14] എങ്ങനെയായാലും, യേശുക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് വ്യക്തിതാൽപര്യങ്ങൾ പാടില്ലായിരുന്നു.

കർത്താവ് സഭയിൽ ഉപദേഷ്ടാക്കന്മാരായി പ്രവർത്തിക്കുന്നവരുടെ സേവനത്തെ ചെറുതാക്കുകയായിരുന്നില്ല (പ്രവൃ. 13:1; 1 കൊ. 12:28; എഫെ. 4:11; 1 തിമൊ. 2:7; 3:2; 2 തിമൊ. 1:11; എബ്രാ. 5:12). പകരം, ശിഷ്യന്മാർ തന്റെ പരമാധികാരത്തെ തിരിച്ചറിഞ്ഞ്, താഴ്മ ധരിക്കുവാനായിരുന്നു പറഞ്ഞത്. സത്യത്തിൽ, ഏക **ഗുരു** കർത്താവ് മാത്രമാണ്. സത്യം അവനിൽനിന്നു മാത്രമാണ് ഉത്ഭവിക്കുന്നത്. മറ്റു ഉപദേഷ്ടാക്കന്മാർ അവൻ പഠിപ്പിച്ചത് പങ്കിടുക മാത്രമാണ് ചെയ്യുന്നത് (28:18-20; യോഹ. 14:26; 16:12-15).

മതപരമായ ഉപദേഷ്ടാക്കന്മാർ സ്ഥാനമാനങ്ങൾ എടുത്തിരിക്കുന്നത് ഒരേ ഒരു ഉദ്ദേശത്തിനാണ്: അവ എടുത്ത് വ്യക്തികളെ ഉയർത്തുവാനാണ് ശ്രമിക്കുന്നത്. ക്രിസ്തീയ ഉപദേഷ്ടാക്കന്മാരെ പൊതുവായിട്ടാണ് **സഹോദരന്മാർ** എന്ന് യേശു ഊന്നി പറഞ്ഞത് (12:48-50; ഗലാ. 3:28). ദൈവത്തിന്റെ രാജ്യത്തിൽ യജമാനന്മാരില്ല; അതിലെ പൗരന്മാരെല്ലാം ദാസന്മാരാണ് (20:25-28). സഭയിൽ മാഹാത്മ്യത്തിലേക്കുള്ള മാർഗം സേവനമാണ്. തന്നെത്താൽ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും, ആരെങ്കിലും സേവനത്തിനായി തന്നെത്താൻ താഴ്ത്തുന്നു എങ്കിൽ അവൻ ഉയർത്തപ്പെടും. ദൈവത്തിന്റെ വിലയിരുത്തലാണ് കാര്യമായുള്ളത്.

**വാക്യം 9**. മതപരമായി ഒരാളെ **പിതാവ്** എന്നു വിളിക്കുന്നത് യേശു വിലക്കിയിരിക്കുന്നു. ഈ പരിശീലനം വളരെക്കാലമായി നിലനിൽക്കുന്നതാണ്. ന്യായാധിപന്മാരുടെ കാലം മുതൽ, ഒരു ലേവ്യാ പുരോഹിതനെ പിതാവായി കണക്കാക്കിയിരുന്നു (ന്യായാ. 17:10). പ്രവാചകനായിരുന്ന ഏലിയാവിനെ, ഏലീശാ പ്രവാചകൻ "എന്റെ പിതാവ്" എന്നു വിളിച്ചിരുന്നു (2 രാജാ. 2:12). യിസ്രായേൽ രാജാക്കന്മാർ എലീശയെ അങ്ങനെ തന്നെയാണ് വിളിച്ചിരുന്നത് (2 രാജാ. 6:21; 13:14). റബ്ബിമാരുടെ കാലയളവിൽ, പ്രമുഖരായ റബ്ബിമാരെ ബഹുമാനിക്കുന്നതിനായിരുന്നു "പിതാവ്" എന്ന പദവി സ്വീകരിച്ചിരുന്നത്.[15]

ഭൗമിക പിതാക്കന്മാരെ അങ്ങനെ വിളിക്കുന്നതല്ല യേശു വിലക്കിയത് (15:4; 19:19; എഫെ. 6:2; കൊലൊ. 3:21; എബ്രാ. 12:9). പലരേയും സുവിശേഷത്താൽ ജനിപ്പിച്ച പിതൃത്വം പൗലൊസിനുണ്ടായിരുന്നു എന്ന് അവൻ തന്നെ വ്യക്തമാക്കിയിരിക്കുന്നു (1 കൊ. 4:15; 1 തിമൊ. 1:2; 2 തിമൊ. 1:2; തീത്തൊ. 1:4). മർക്കൊസിനോടുള്ള ബന്ധം പത്രൊസ് കണ്ടത്, അതുപോലെ, തന്റെ ചിറകിൻ കീഴിൽ എടുത്തവൻ എന്നു കണക്കാക്കിയിരുന്നു (1 പത്രൊ. 5:13). "എന്റെ കുഞ്ഞുങ്ങളേ," "കുഞ്ഞുങ്ങളേ" എന്ന് സഹോദരന്മാരെ യോഹന്നാൻ വിളിച്ചിരിക്കുന്നു (1 യോഹ. 2:1, 12, 18, 28; 3:7, 18; 4:4; 5:21). അവരെ ആ സ്ഥാനപ്പേരിൽ അറിയപ്പെടുവാനായി ആ ദൈവശ്വാസിയരായവർ ആവശ്യപ്പെട്ടിരുന്നില്ല. ആത്മീയമായി നമുക്ക് ഒരു **പിതാവേ** ഉള്ളു, അത് "സ്വർഗസ്ഥനായ പിതാവാണ്" (6:9; 5:48; 6:14, 26, 32; 15:13; 18:35 നോക്കുക).

**വാക്യം 10**. വാക്യം 8 ലെ വൈകാരികത വാക്യം 10 ലും ആവർത്തിച്ചിരിക്കുന്നു. **നായകൻ** എന്ന വാക്ക് (*കാതേജെറ്റെസ്*) പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. ആ വാക്ക് പല വിധത്തിലാണ് "യജമാനൻ," (കെജെവി) "ടീച്ചർ" (എൻകെജെവി) "ഇൻസ്ട്രക്ടർ" (എൻആർഎസ്‌വി) എന്നിങ്ങനെയാണ് തർജിമ ചെയ്തിരിക്കുന്നത്. **ക്രിസ്തുവിനു**

മാത്രം ഉപയോഗിക്കാവുന്ന സ്ഥാനമാണ് "നായകൻ" "ഗുരു" (*ഡിഡാസ്കാലോസ്*) എന്നിവ.അനുസരിക്കേണ്ടതിന് നയിക്കുന്ന ഏക നായകൻ അവൻ മാത്രമാണ്. തീർച്ചയായും മറ്റുള്ളവർക്ക് വചനം ഉപദേശിക്കുന്ന ഉപദേഷ്ടാക്കന്മാരാകാം.

ചിലരെ മറ്റുള്ളവരേക്കാൾ ഉയർത്തുന്ന മാനുഷിക പ്രവണതയെ യേശു വാക്യം 8 മുതൽ 10 വരെ എതിർക്കുകയാണ്. സഭയിൽ വലിപ്പച്ചെറുപ്പ വ്യത്യാസം വരുത്തുവാൻ അവൻ ആഗ്രഹിച്ചില്ല. ദൈവം പിതാവായും യേശുക്രിസ്തു തലയും എന്ന വലിപ്പച്ചെറുപ്പ വ്യത്യാസമാണ് സഭയിലുള്ളത്.[16]

**വാക്യങ്ങൾ 11, 12.** ആ ഭാഗം അവസാനിപ്പിച്ച് യേശു പറഞ്ഞു, **"നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്താൽ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും."** മനുഷ്യരുടെ പുകഴ്ച്ചക്ക് വേണ്ടി ആഗ്രഹിച്ചിരുന്ന സ്വയ സേവകരായിരുന്ന പരീശന്മാരെ ആളുകൾ പിൻപറ്റാതിരിക്കേണ്ടതിനുള്ള മുന്നറിയിപ്പായിരുന്നു അത്. മുൻപ് 20:26-ൽ പറഞ്ഞതിനോട് യോജിക്കുന്നതാണ് വാക്യം 11 ലെ പ്രസ്താവന: "നിങ്ങളിൽ വലിയവൻ ആകുവാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകട്ടെ." വാക്യം 12 ലെ വിഷയം തിരുവെഴുത്തിൽ പല ഭാഗങ്ങളിൽ കാണാം (സദൃശ. 29:23; ലൂക്കൊ. 14:11; 18:14; ഫിലി. 2:6-9; യാക്കൊ. 4:6; 1 പത്രൊ. 5:5, 6). പിന്നീടുണ്ടായ താൽമൂദ് എഴുത്തുകളിൽ ഈ വിഷയം ഉണ്ട്: "തന്നെത്താൻ താഴ്ത്തുന്നവൻ, ഭാഗ്യവാനാകുന്നു, അവൻ ഉയർത്തപ്പെടും; തന്നെത്താൻ പരിശുദ്ധനായവനെ ഉയർത്തുന്നവൻ, ഭാഗ്യവാനായി തീരുന്നു, അവൻ താഴുകയും ചെയ്യും."[17]

## പാഠങ്ങൾ

### വാസ്തവത്തിലുള്ള മതം (അദ്ധ്യാ. 23)

"ഹാ കഷ്ടം" എന്നാണ് പലപ്പോഴും അദ്ധ്യായം 23 നെ വിളിച്ചിരിക്കുന്നത് കാരണം യേശു ആ വാക്ക് അവിടെ ഉപയോഗിച്ചിരിക്കുന്നു (23:13, 14, 15, 16, 23, 25, 27, 29). (*ഒയുവായി*) തർജ്ജിമ ചെയ്തിരിക്കുന്നതാണ് "ഹാ കഷ്ടം." യെഹൂദ മതാദ്ധ്യക്ഷന്മാരുടെ ആത്മിയമായ അവസ്ഥ കണ്ട യേശുവിന്റെ ദുഃഖത്തെയും, വരുവാനുള്ള ന്യായവിധിയേയും സൂചിപ്പിക്കുന്നതാണ് അത്. ശാസ്ത്രിമാരും പരീശന്മാരും മതപരമായി എരിവുള്ളവരായിരുന്നു, എന്നാൽ ദൈവം ആവശ്യപ്പെട്ട യോഗ്യതകൾ അവരിൽ കുറവായിരുന്നു. ഈ അദ്ധ്യായത്തിൽനിന്ന് വാസ്തവത്തിലുള്ള മതത്തെ കുറിച്ച് അഞ്ചു പാഠങ്ങൾ ഈ അദ്ധ്യായത്തിൽ നിന്ന് നമുക്ക് എടുക്കാവുന്നതാണ്.

1. *നീതി കൂടാതെ മതപരമായി പ്രവർത്തിക്കുവാൻ കഴിഞ്ഞേക്കാം* (23:1-12). പരീശന്മാർ പല മതപരമായ പ്രവൃത്തികളും ചെയ്തിരുന്നു, എന്നാൽ അവ മനുഷ്യരെ കാണിക്കേണ്ടതിനായിരുന്നു. അവർ തങ്ങളുടെ മന്ത്രപ്പട്ട വീതിയുള്ളതാക്കുകയും തൊങ്ങൽ നീളമുള്ളതാക്കുകയും ചെയ്തിരുന്നു. ഉപദേശിക്കുവാനുള്ള മുഖ്യാസനങ്ങളും, വന്ദനവുമടക്കം ആധികാരിക സ്ഥാനമാനങ്ങളെ അവർ ഇഷ്ടപ്പെട്ടിരുന്നു. ആ പ്രവൃത്തികളുടെ പിന്നിലുള്ള അവരുടെ ലക്ഷ്യം അവരെ വിലയില്ലാതാക്കി.

2. *പ്രയോജനങ്ങളില്ലാതെ തന്നെ മതപരമായ പ്രവൃത്തികൾ ചെയ്തേക്കാം* (23:13, 15). വാസ്തവത്തിൽ, അത്തരം പ്രവൃത്തികൾ ഉപദ്രവകരമായേക്കാം.

പരീശന്മാർ ആളുകളെ പരിവർത്തനം ചെയ്യുവാൻ കഠിന പ്രയത്നം നടത്തിയിരുന്നു. ഫലമോ, എങ്ങനെയായാലും, അങ്ങനെ പരിവർത്തനം ചെയ്തവർ, പരിവർത്തനം ചെയ്യിച്ചവരേക്കാൾ മോശമായി തീർന്നു.

3. *മതിയാകാത്ത വിധത്തിൽ മതപരമായ പ്രവൃത്തികൾ ചെയ്തേക്കാം* (23:23). നിസാരമായ കാര്യങ്ങളിൽ വിശ്വസ്തരായതിന് യേശു പരീശന്മാരെ കുറ്റപ്പെടുത്തിയില്ല. നിസാരമായ ജീരകം, ചതകുപ്പ എന്നിവയിൽ ദശാംശം കൊടുക്കുന്നത് യെഹൂദന്മാർക്ക് വലിയ കാര്യമായിരുന്നു. പകരം, നിസാരമായവയിൽ അവർ പ്രാമുഖ്യം നൽകുന്നതിനെയായിരുന്നു അവൻ കുറ്റപ്പെടുത്തിയത്. നിസാരമായവക്ക് അവർ ഊന്നൽ കൊടുത്തപ്പോൾ, പ്രധാനപ്പെട്ട കാര്യങ്ങളെ അവർ അവഗണിക്കുകയായിരുന്നു: നീതി, കരുണ, വിശ്വസ്തത എന്നിവ.

4. *മതപരമായ കാഴ്ച്ചപ്പാടുണ്ടായിട്ട്, പ്രാവർത്തികമാക്കിയില്ലെങ്കിൽ പ്രയോജനമില്ലാതാകും* (23:29–36). തങ്ങളുടെ പൂർവ്വപിതാക്കന്മാർ കൊന്ന പ്രവാചകന്മാരുടെ കല്ലറകളെ അവർ ആദരിച്ചിരുന്നു; എന്നാൽ അവരുടെ ഹൃദയങ്ങളെ മാറ്റിയില്ല. അവരുടെ കാലത്ത് ദൈവം അയച്ച ദാസന്മാരോട് മോശമായി പെരുമാറുകയും അവരെ കൊല്ലുകയും ചെയ്തു-അതായത് യേശുവിനേയും ശിഷ്യന്മാരേയും.

5. *മതപരമായി തെറ്റിലകപ്പെട്ട് ജീവിക്കുന്നവർക്ക് എന്നേക്കും അങ്ങനെ കഴിയേണ്ട ആവശ്യമില്ല* (23:37–39). അവർക്ക് മാനസാന്തരപ്പെട്ട് ദൈവത്തോടുള്ള നിരപ്പിലാകാം. സ്ഥിരമായി കർത്താവിനെ തള്ളിക്കളയുന്നത് ഭയാനകമായ തെറ്റാണ്, എന്നാൽ രക്ഷിക്കപ്പെടാത്ത അവസ്ഥയിൽ തന്നെ ആർക്കും കഴിയേണ്ട ആവശ്യമില്ല.[18]

**പരീശന്മാർ (അദ്ധ്യാ. 23)**

യെഹൂദമതാനുസാരികളുടെ സംസ്ക്കാരത്തിന്റെ ആക്രമണത്തിൽനിന്നു മോശെയുടെ ന്യായപ്രമാണം അനുസരിക്കൽ സുരക്ഷിതമാക്കുകയായിരുന്നു പ്രാരംഭത്തിൽ പരീശന്മാരുടെ ലക്ഷ്യം. “പരീശന്മാർ,” അല്ലെങ്കിൽ “വേർപെട്ടവർ” എന്നതുകൊണ്ടർത്ഥമാക്കിയത് പാപത്തിൽനിന്ന് വേർപെട്ടവർ എന്നാണ്. പുതിയനിയമ ക്രിസ്ത്യാനിത്വത്തെ പുനരേകീകരിച്ച് സുരക്ഷിതമായി സൂക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അവരുടെ ഉത്തമമായ വീക്ഷണത്തെ അഭിനന്ദിക്കുവാൻ കഴിയും. എങ്കിലും, പല കാരണങ്ങൾ കൊണ്ടാണ് യേശു അവരെ ശാസിച്ചത്. അതേ രീതിയിലുള്ള തെറ്റുകൾ നാം ചെയ്യാതിരിക്കുവാൻ ശ്രമിക്കണം.

1. അവർ പ്രസംഗിച്ചിരുന്നത് അവർ പരിശീലിച്ചിരുന്നില്ല (23:2, 3).
2. സമ്പ്രദായങ്ങളെ അവർ ദൈവകൽപനകളെപോലെയാണ് അടിച്ചേൽപിച്ചിരുന്നത് (23:4; 15:1–9).
3. അവർ ദൈവത്തിൽനിന്നുള്ള മാനത്തേക്കാൾ മനുഷ്യരിൽനിന്നുള്ള മാനത്തെയാണ് ആഗ്രഹിച്ചിരുന്നത് (23:5–7).
4. അവർ ആളുകളെ ദൈവത്തിങ്കലേക്ക് പരിവർത്തനം ചെയ്യുന്നതിനു പകരം, അവരിലേക്കാണ് പരിവർത്തനം ചെയ്തത് (23:13, 15).
5. തങ്ങളുടെ സൗകര്യമനുസരിച്ച് മാത്രം വാക്കു പാലിക്കുന്നവരായിരുന്നു അവർ (23:16–22).

6. ആരാധനാ ചടങ്ങുകളിൽ അവർ പ്രാവീണ്യമുള്ളവരായിരുന്നു, എന്നാൽ "ശുദ്ധവും നിർമ്മലവുമായ ഭക്തിയിൽ" അവർ പ്രാരംഭ കരായിരുന്നു (23:23, 24; 25:34-46; യാക്കൊ. 1:27 നോക്കുക).
7. അവർ പുറമെ നീതിമാന്മാരാണെന്ന് കാണിച്ചിരുന്നു, എന്നാൽ അകമെ നവീകരണമില്ലാത്തവരായിരുന്നു (23:25-28).
8. അവരുടെ പൂർവ്വപിതാക്കന്മാരുടെ പാപങ്ങൾ അവർ അന്ധമായി ആവർത്തിക്കുകയായിരുന്നു (23:29-36).

ഡേവിഡ് സ്റ്റുവർട്ട്

**ആധുനിക പരീശത്വം (23:1-12)**

പരീശന്മാരുടെ മാനസിക പ്രവണത തങ്ങളിൽ വരാതിരിക്കുവാൻ ക്രിസ്ത്യാനികൾ സൂക്ഷിക്കണം. മതം ആന്തരികമാക്കാതെ ബാഹ്യമാക്കുവാൻ എളുപ്പത്തിൽ പ്രേരിതരായേക്കാം. ഒരാൾ ഞായറാഴ്ച്ച പുറമെ "ഏറ്റവും നന്നായി" കാണപ്പെടുകയും അതേസമയത്ത്, ആരാധനക്ക് ഒരുങ്ങാതെയുമിരുന്നേക്കാം. ആരാധനക്ക് മോശമായ വസ്ത്രധാരണം ചെയ്തവരെ അവർ മോശക്കാരായി കാണുവാനിടയുണ്ട് (യാക്കൊ. 2:2-4). പ്രാർത്ഥന നയിക്കുമ്പോൾ, അയാൾ ദൈവത്തോട് താഴ്മയോടെ സംസാരിക്കുന്നതിനുപകരം ഇടവകയുടെ പ്രീതി സമ്പാദിക്കുവാൻ ശ്രമിച്ചേക്കാം. അയാൾ സഭയിൽ തന്റെ നീതി മുൻപന്തിയിൽ നിർത്തും, എന്നാൽ മറ്റു ആറു ദിവസങ്ങളിൽ തന്റെ ധാർമ്മികത മാറ്റിവെക്കും. പരീശമനസുള്ള ആൾ അതിശയോക്തിപരമായി തന്റെ പ്രാധാന്യത്തിന് ഊന്നൽ കൊടുക്കും. അയാൾ മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് ശുശ്രൂഷ ചെയ്യുന്നതിനു പകരം, തന്നിലേക്ക് ആളുകളെ ആകർഷിക്കുവാൻ ശ്രമിക്കും. ചുരുക്കി പറഞ്ഞാൽ, "നിങ്ങൾ അവിടെയുണ്ടല്ലൊ" എന്നു കണക്കാക്കാതെ, "ഞാനാണ് ഇവിടെയുള്ളത്" എന്ന മനോഭാവത്തിലായിരിക്കും.

ഡേവിഡ് സ്റ്റുവർട്ട്

**ഉയർന്ന പദവികൾ (23:8-10)**

ഉയർന്ന പദവികളെ കുറിച്ച് യേശു പഠിപ്പിച്ചിട്ടുള്ള കാര്യങ്ങൾ പല മത സംഘടനകളും അവഗണിച്ചിരിക്കുകയാണ്. കത്തോലിക്കാ പാരമ്പര്യമനുസരിച്ച്, സാധാരണ അംഗങ്ങൾ അവരുടെ നായകന്മാരെ, അവർക്ക് പാപങ്ങൾ മോചിച്ചുകൊടുക്കുവാനുള്ള അധികാരമുണ്ടെന്ന നിലയിൽ "പിതാക്കന്മാർ" എന്നു വിളിക്കുന്നു. പരീശമനസുള്ള ആൾ പുരോഹിതന്റെ അടുത്ത് ചെന്ന് "ഞാൻ പാപം ചെയ്തു, പിതാവേ എന്നോട് ക്ഷമിക്കേണമേ" എന്ന് ഏറ്റുപറയും. ഈ സംഭവത്തിൽ, പുരോഹിതന്റെ ഉദ്യോഗത്തെ "പിതാവ്" എന്നു വിളിക്കുന്നത് ഒരു വൈദിക-അൽമേനി വ്യവസ്ഥ ഉണ്ടാക്കുകയാണ്, അത് സഹോദരവർഗം എന്ന ആശയത്തിന് എതിരാണ് (23:8). പകരം, ക്രിസ്ത്യാനികൾ പാപം ഏറ്റു പറയേണ്ടത് അന്യോന്യം ആണ്, എന്നിട്ട് പ്രാർത്ഥിക്കുകയും വേണം (യാക്കൊ. 5:16). പിതാവായ ദൈവമാണ് ക്ഷമിക്കുന്നത്.

എതിർപ്പ് പാരമ്പര്യത്തിൽ, ശുശ്രൂഷക്കാരനെ പലപ്പോഴും "റെവറെന്റ്" എന്നു വിളിക്കാറുണ്ട്. ബൈബിളിൽ ഒരു സ്ഥലത്തു മാത്രമാണ് "റെവറെന്റ്" എന്ന വാക്ക് കെജെവിയിൽ സങ്കീർത്തനങ്ങൾ 111:9-ൽ ഉപയോഗിച്ചിരിക്കുന്നത്. ആ വാക്യം ദൈവത്തെ കുറിച്ചാണ് പറയുന്നത്, "അവന്റെ നാമം

വിശുദ്ധവും ഭയങ്കരവുമാകുന്നു." ദൈവത്തിന്റെ പേർ "റെവറെന്റ്" എന്നല്ല അവിടെ പറയുന്നത്. മറിച്ച്, ന്യായപ്രമാണം കൽപിച്ചിരിക്കുന്നതുപോലെ, അവന്റെ നാമം വിശുദ്ധമാണ് എന്നത്രെ (പുറ. 20:7). അത്തരം വിശുദ്ധി ഒരു മനുഷ്യരിലും ഇല്ല.

**പദവികൾ (23:8-10)**

പദവികൾ യേശു നിരോധിച്ചത് മുന്നു പ്രത്യേക പ്രശ്നങ്ങൾ കൈകാര്യം ചെയ്തുകൊണ്ടാണെന്ന് വിൽക്കിൻസ് പറഞ്ഞിരിക്കുന്നു:

1. *വിദ്യാഭ്യാസപരമായ ധിക്കാരം.* നാം മറ്റുള്ളവരോട് സുവിശേഷം അറിയിക്കുവാൻ ഒരുങ്ങണം, പക്ഷെ നാം ഒരിക്കലും യേശുവിനെ സ്ഥാന ഭ്രഷ്ടാക്കരുത് (23:8).

2. *മതപരമായ വരേണ്യവർഗം.* യുവക്രിസ്ത്യാനികളെ നാം പോഷിപ്പി ക്കുകയും സംരക്ഷിക്കുകയും വേണം. ദൈവത്തെ നാം നമ്മുടെ സ്വർഗസ്ഥ പിതാവ് എന്ന സ്ഥാനത്ത് നിന്നും മാറ്ററുത് (23:9).

3. *ആധികാരികമായ ആധിപത്യം.* മറ്റുള്ളവർ കൂടുതൽ പക്വതയുള്ളവരാ കുവാൻ നാം മറ്റുള്ളവരെ നയിക്കണം. അതേസമയം സഭയുടെ തല ക്രിസ്തു മാത്രമാണെന്ന കാര്യം നാം വിസ്മരിക്കരുത് (23:10).[19]

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]ആർ. ടി.ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററിസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 323. യേശു പരീശന്മാർക്ക് ഇടർച്ച വരുത്തിയതിൽ ശിഷ്യന്മാർ മുൻപ് അതിശയിച്ചുപോയിരുന്നു (15:12). [2]മക്കാബിസ് 1:20–64. [3]ഇബിഡ്., 4:36–58. [4]ജെറുശലേം താൽമൂദ് *സോതോഹ്* 5.5; നോക്കുക *ബെരാകോത്* 9.5; താൽമൂദ് *സോതാഹ്* 22ബി. [5]മൈക്കിൾ ജെ. വിൽക്കിൻസ്, "മാത്യു," ഇൻ *സോണ്ടർവാൻ ഇല്ല സ്ട്രേറ്റഡ് ബൈബിൾ കമെന്ററി*, വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്*, എഡി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 140. കോരസീനിലേയും ഡെലോസിലേയും കസേരകളുടെ ചിത്രങ്ങൾ വിൽക്കിൻസ് നൽകിയിരിക്കുന്നു. [6]"ഹാർഡ് ടു ബെയർ" എന്ന പ്രയോഗം കൂടെ ചില കയ്യെഴുത്തുപ്രതികളിൽ ചേർത്തിട്ടുണ്ട് (കെജെവി). ആ പ്രയോഗം എഴുതിയ ശാസ്ത്രി വിട്ടുപോയതായിരിക്കാം, അല്ലെങ്കിൽ അത് ലൂക്കൊസ് 11:46 ൽനിന്നു കൂട്ടിച്ചേർത്തതാകാം (ബ്രൂസ് എം, മെറ്റ്സ്ജർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 2 ഡ്. എഡി. [സ്റ്റട്ട്ഗർട്ട്: ജെർമൻ ബൈബിൾ സ്വസൈറ്റി, 1994], 49.) [7]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 573. [8]പുറ. 16:29; 23:12; 31:13–17; 35:2, 3; ലേവ്യാ. 26:34, 35; സംഖ്യാ. 15:32–36; ആവർ. 5:12–15. [9]വിൽക്കിൻസ്, 141. [10]നോക്കുക, ജോസെഫസ് *ആന്റികിറ്റിസ്* 4.8.13; ലെറ്റർ ഓഫ് *അരിസ്റ്റെയാസ്* 159.

[11]മദ്ധ്യധരണ്യാഴിയിൽ ഇത്തരം പരിശീലനങ്ങളുണ്ടായിരുന്നതായി ക്രെയിഗ് എസ്. കീനെർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 542–43. [12]വില്യം സാൻഫോർഡ് ലേസർ ആന്റ് ടാമറാ സി. എസ്കെനാസി "സിനഗോഗ്," ഇൻ *ദ ഇന്റർനാ*

*ഷ്ണൽ ബൈബിൾ എൻസൈക്ലോപീഡിയ*, റെവ. എഡി., എഡി. ജെഫ്രി ഡബ്ലിയു. ബ്രോമ്ലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1988), 4:680. [13]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പ ാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 110 നോക്കുക താൽമൂദ് *ബെരോകോത്* 3ഏ; *ബാബാ കോമാ* 73ബി. [14]വിൽക്കിൻസ്, 142. [15]നോക്കുക, മിഷ്നാ *പിയേഹ്* 8.5; താൽമൂദ് *ബേരാകോത്* 6ഏ; ജെറുശലേം താൽമൂദ് *ബേസാഹ്* 1.7; *ജെനസിസ് രാബാഹ്* 12.14. "പിതാവ്" എന്നതിന്റെ അരാമ്യ വാക്ക് *അബ്ബാ* എന്നാണ് (റോമർ. 8:15). മിഷ്നായുടെ ഒരു ഭാഗമായ *അബോതിൽ* "പി താക്കന്മാർ" എന്നാണ്. അത് ജ്ഞാനികളായിരുന്ന റബ്ബിമാരുടെ ശേഖരമാണ്. [16]റോ ബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യൂ ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബ ഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 215. [17]താൽമൂദ് *എരുബിൻ* 13ബി. [18]എടുത്തിരിക്കുന്നത് ജാക് വിതെം *ആർഎസ്വിപി ന്യൂസ്ലെറ്റർ* (1991). [19]വിൽക്കിൻസ്, 143.